File No.LSGD-DC1/190/2019-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ത.സ്വ.ഭ.വ. - മൂന്നാറിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് (വേസ്റ്റ്-റ്റു-എനർജി പ്ലാന്റ്) സ്ഥാപിക്കുന്നതിന് കണ്ടെത്തിയിട്ടുള്ളതും നിലവിൽ മൂന്നാർ പഞ്ചായത്തിന്റെ ഡമ്പിംഗ് യാർഡായി ഉപയോഗിച്ച് വരുന്നതുമായ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഉപയോഗ ശൂന്യമായ കെട്ടിടങ്ങൾ പൊളിച്ച് നീക്കിയും വർഷങ്ങളായി നിക്ഷേപിച്ചിട്ടുള്ള മാലിന്യങ്ങൾ നീക്കം ചെയ്തും സ്ഥലം സജ്ജമാക്കുന്ന പ്രവൃത്തിയുടെ നിർവ്വഹണത്തിന് എക്സ് സർവ്വീസ് മെൻ ചാരിറ്റബിൾ ട്രസ്റ്റ് (എക്സ് ക്ലീൻ പ്രൈവറ്റ് ലിമിറ്റഡ്)നെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

സ.ഉ.(സാധാ) നം.1286/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 24/06/2019

പരാമർശം:- 1 11.06.2018-ലെ ജി.ഒ.(എം.എസ്.) നം. 82/2018/തസ്വഭവ

2 01.02.2019-ലെ ജി.ഒ.(എം.എസ്.) നം.13/2019/തസ്വഭവ

3 മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17.05.2019 ലെ എ2-906/19 നമ്പർ കത്ത്.

4 മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 31.05.2019 ലെ എ2-906/19 നമ്പർ കത്ത്.

<u>ഉത്തരവ്</u>

സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കേന്ദ്രീകൃത ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ (വേസ്റ്റ്-ടു-എനർജി പ്ലാന്റ്) സ്ഥാപിക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടുണ്ട്. പരാമർശം (2) പ്രകാരം, മൂന്നാറിൽ ഒരു കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് (വേസ്റ്റ്-ടു-എനർജി പ്ലാന്റ്) സ്ഥാപിക്കുന്നതിന് M/s.A.G Dauters Waste Processing Private Ltd-ന് അനുമതി നൽകുകയും തുടർന്ന് കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ പ്രൈവറ്റ് ലിമിറ്റഡ്, M/s. A.G Dauters Waste Processing Private Ltd, മൂന്നാർ - ദേവികുളം ഗ്രാമ പഞ്ചായത്തുകൾ എന്നിവർ 23/02/2019-ൽ ഇതു സംബന്ധിച്ച് കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. പ്ലാന്റ് സ്ഥാപിക്കുന്നതിന് കണ്ടെത്തിയിരിക്കുന്ന സ്ഥലം മൂന്നാറിലെ കല്ലാർ എന്ന സ്ഥലത്താണ്. ഈ സ്ഥലം നിലവിൽ മൂന്നാർ പഞ്ചായത്തിന്റെ ഡമ്പിംഗ് യാർഡ് ആയി ഉപയോഗിച്ച് വരുന്നതാണ്. ഇവിടെ വർഷങ്ങളായി നിക്ഷേപിച്ചിട്ടുള്ള

മാലിന്യങ്ങൾ നീക്കം ചെയ്യും ടി സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഉപയോഗ ശൂന്യമായ 4 കെട്ടിടങ്ങൾ (പന്നി ഫാം, വെർമി കംപോസ്റ്റ് യൂണിറ്റ്, സ്റ്റാഫ് റൂം, ഇൻസുലേറ്റർ റൂം) പൊളിച്ച് നീക്കിയും പ്ലാൻറ് നിർമ്മിക്കുന്നതിനായി സ്ഥലം സജ്ജമാക്കേണ്ടതുണ്ട്. ഇതിനായി 75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് Assistant Engineer, LSGD Section, Munnar, Idukki തയ്യാറാക്കുകയും ആയത് പരാമർശം (3) പ്രകാരം മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിരുന്നു. ടി ചെലവ് വഹിക്കുന്നതിനുള്ള സാമ്പത്തിക ശേഷി മൂന്നാർ ഗ്രാമ പഞ്ചായത്തിന് ഇല്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തികൾ നടത്തുന്നതിനുള്ള ഫണ്ട് അനുവദിക്കണമെന്നും മൂന്നാർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) 21/5/2019-ന് രാവിലെ 11 മണിക്ക് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന "പ്രോജക്റ്റ് ഗ്രീൻ ഗ്രാസ് പദ്ധതി"യുടെ അവലോകന യോഗത്തിലും ഉച്ചയ്ക്ക് ശേഷം 2 മണിക്ക് ചേർന്ന മാലിന്യ സംസ്കരണം സംബന്ധിച്ച ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ State Level Advisory Committee യുടെ യോഗത്തിലും ഈ വിഷയം ചർച്ച ചെയ്യുകയും നിലവിൽ പ്രോജക്റ്റ് ഗ്രീൻ ഗ്രാസ് പദ്ധതിയുടെ ഭാഗമായി മൂന്നാർ വനമേഖലയോട് ചേർന്നുള്ള റോഡുകളിലും വനത്തിലും മറ്റും കാലങ്ങളായി നിക്ഷേപിച്ചിരുന്ന മാലിന്യം ഫലപ്രദമായി നീക്കം ചെയ്ത എക്സ് സർവ്വീസ് മെൻ ട്രസ്റ്റിനെക്കൊണ്ട് പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിക്കുന്നത് ഉചിതമായിരിക്കും എന്ന് വിലയിരുത്തുകയും ചെയ്തു. തുടർന്ന് എക്സ് സർവ്വീസ് മെൻ ട്രസ്റ്റ് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (4) പ്രകാരം സർക്കാരിൽ സമർപ്പിച്ചു. 40,84,640/- രൂപയുടെ എസ്റ്റിമേറ്റാണ് എക്സ് സർവീസ് മെൻ ട്രസ്റ്റ് പ്രസ്തുത പ്രവൃത്തിക്കായി മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന സമർപ്പിച്ചിട്ടുള്ളത്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൂന്നാറിൽ സർക്കാർ അനുമതി നൽകിയ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാൻറ് (വേസ്റ്റ്-ടു-എനർജി പ്ലാന്റ്) സ്ഥാപിക്കുന്നതിനായി അടിയന്തിരമായി സ്ഥലം സജ്ജമാക്കി കൺസഷണയർ കമ്പനിക്ക് കൈമാറേണ്ടതുണ്ട്. അതിനാൽ പ്ലാന്റ് സ്ഥാപിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള സ്ഥലത്ത് വർഷങ്ങളായി നിക്ഷേപിച്ചിട്ടുള്ള മാലിന്യങ്ങൾ നീക്കം ചെയ്യും ടി സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഉപയോഗ ശൂന്യമായ 4 കെട്ടിടങ്ങൾ (പന്നി ഫാം, വെർമി കംപോസ്റ്റ് യൂണിറ്റ്, സ്റ്റാഫ് റൂം, ഇൻസുലേറ്റർ etc.) പൊളിച്ച് നീക്കിയും പ്ലാൻറ് നിർമ്മിക്കുന്നതിനായി സ്ഥലം സജ്ജമാക്കുന്നതിലേയ്ക്കായി താഴെപ്പറയുന്ന അനുമതികൾ നൽകി ഉത്തരവാകുന്നു.

I. Assistant Engineer, LSGD Section, Munnar, Idukki തയ്യാറാക്കിയ എസ്റ്റിമേറ്റിനേക്കാൾ (75 ലക്ഷം രൂപ) കുറവ് എസ്റ്റിമേറ്റിൽ (40,84,640/- രൂപ)

പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കാൻ തയ്യാറായി വന്ന എക്സ് സർവീസ് മെൻ ട്രസ്റ്റിനെ പ്രവൃത്തിയുടെ നിർവ്വഹണം, പഞ്ചായത്ത് സെക്രട്ടറിയുമായി കരാർ വച്ച് മൂന്ന് ആഴ്ചയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതാണെന്ന നിബന്ധനയ്ക്ക് വിധേയമായി, ഏല്പിക്കുന്നതിന് മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അനുമതി നൽകുന്നു.

ii. പ്രസ്തുത പ്രവൃത്തിയുടെ പ്രതിദിന മോണിട്ടറിംഗിന് മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

iii. എക്സ് സർവ്വീസ് മെൻ ട്രസ്റ്റ് സമർപ്പിച്ച എസ്റ്റിമേറ്റ് പരിശോധിച്ച് പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായി വരുന്ന തുക ശുചിത്വ മിഷൻറെ പ്ലാൻ സ്കീമായ ശുചിത്വ കേരളം (റൂറൽ)-ൻറെ അനുവദനീയമായ ഘടകത്തിൽ നിന്നും മൂന്നാർ ഗ്രാമപഞ്ചായത്തിന് അനുവദിക്കുന്നതിന് ശുചിത്വമിഷന് അനുമതി നൽകുന്നു.

4. പ്രസ്തുത പ്രവൃത്തികൾക്ക് പഞ്ചായത്ത് ഡയറക്ടർ മേൽനോട്ടം വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SINDHU. L.
സ്പെഷ്യല് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി., തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
സെക്രട്ടറി, മൂന്നാർ ഗ്രാമപഞ്ചായത്ത്.
ചെയർമാൻ, എക്സ് സർവീസ് മെൻ ചാരിറ്റബിൾ ട്രസ്റ്റ്, കട്ടപ്പന, ഇടുക്കി.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ആഡിറ്റ്), തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ. & പി.ആർ. (വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
ഓഫീസ് കോപ്പി / കരുതൽ ഫയൽ
പകർപ്പ് -

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ